**No. CEE/4050/2016/KEAM-2017/TA1**

കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

## വിജ്ഞാപനം

# എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേയ്ക്കുള്ള രണ്ടാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു.

2017-ലെ എം.ബി.ബി.എസ്, ബി.ഡി.എസ് കോഴ്സുകളിലേയ്ക്കുള്ള രണ്ടാമത്തെ കേന്ദ്രീകൃത അലോട്ട്മെന്റ് www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. ഈ ഘട്ട ത്തിൽ സർക്കാർ മെഡിക്കൽ കോളേജുകൾ, സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകൾ, സ്വകാര്യ സ്വാശ്രയ ആയുർവേദ കോളേജുകൾ എന്നിവയിലേയ്ക്ക് മാത്രമാണ് അലോട്ട്മെന്റ് നടത്തിയിട്ടുള്ളത്. നിശ്ചിത സമയത്തിനുള്ളിൽ ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തിയ വിദ്യാർത്ഥികളെ മാത്രമാണ് അലോട്ട്മെന്റിനായി പരിഗണിച്ചിട്ടുള്ളത്.

സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിലേയ്ക്കുള്ള അലോട്ട്മെന്റ് വിവിധ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിലുമാണ് നടത്തിയിട്ടുള്ളത്.

അലോട്ട്മെന്റ് സംബന്ധിച്ച വിവരങ്ങൾ വിദ്യാർത്ഥികളുടെ ഹോം പേജിൽ ലഭ്യമാണ്. വിദ്യാർത്ഥിയുടെ പേര്, റോൾ നമ്പർ, അലോട്ട്മെന്റ് ലഭിച്ച കോഴ്സ്, കോളേജ്, അലോട്ട്മെന്റ് ലഭിച്ച കാറ്റഗറി, ഫീസ് സംബന്ധമായ വിവരങ്ങൾ എന്നിവ വിദ്യാർത്ഥിയുടെ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് നിർബന്ധമായും എടുക്കേണ്ടതാണ്.

ഈ അലോട്ട്മെന്റ് പ്രകാരം പുതുതായോ, മുൻ ഘട്ടത്തിൽ ലഭിച്ച അലോട്ട്മെന്റിൽ നിന്നും വ്യത്യസ്തമായോ **സർക്കാർ മെഡിക്കൽ കോളേജുകളിലേയ്ക്ക്** അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ കാണിച്ചിട്ടുള്ളതും, പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടയ്ക്കേണ്ടതുമായ ഫീസ്/അധിക തുക **2017 ആഗസ്റ്റ് 21 മുതൽ 24 വരെ തീയതികളിൽ** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ (SBI) തിരഞ്ഞെടുത്ത ശാഖകളിലോ, ഓൺലൈനായോ ഒടുക്കിയശേഷം **24.08.2017 വൈകുന്നേരം 5 മണിയ്ക്ക്** മുൻപായി അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ ഹാജ രായി പ്രവേശനം നേടേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ ഫീസ്/അധിക തുക ഒടുക്കാത്ത വിദ്യാർത്ഥികളുടെയും, കോളേജുകളിൽ ഹാജരായി പ്രവേശനം നേടാത്ത വിദ്യാർത്ഥികളുടെയും അലോട്ട്മെന്റും ബന്ധപ്പെട്ട സ്ട്രീമിലെ ഹയർ ഓപ്ഷനുകളും റദ്ദാകുന്നതാണ്.

ഈ അലോട്ട്മെന്റ് പ്രകാരം പുതുതായോ, മുൻ ഘട്ടത്തിൽ ലഭിച്ച അലോട്ട്മെന്റിൽ നിന്നും വ്യത്യസ്തമായോ **സർക്കാർ നിയന്ത്രിത സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിലേയ്ക്കോ സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിലേയ്ക്കോ** അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ താഴെപറയും പ്രകാരം ഫീസ് ഒടുക്കേണ്ടതാണ്.

| കോളേജുകൾ | സീറ്റ് | ഫീസ് | അടയ്ക്കേണ്ട വിധം |
|---|---|---|---|
| അക്കാഡമി ഓഫ് മെഡിക്കൽ സയൻസസ്, പരിയാരം, കണ്ണൂർ | **50%** സർക്കാർ സീറ്റ് | **2,50,000/-** രൂപ | പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി. |
| | **35%** മാനേജ്മെന്റ് സീറ്റ് | **10 ലക്ഷം രൂപ** | **5 ലക്ഷം രൂപ**–പ്രവേശന പരീക്ഷാ കമ്മീ ഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി.<br>കൂടാതെ ബാക്കി **6 ലക്ഷം രൂപ** കോളേജ് പ്രിൻസിപ്പാളിന്റെ പേരിലുള്ള ബാങ്ക് ഗ്യാര ണ്ടിയായോ പ്രവേശന പരീക്ഷാ കമ്മീഷ ണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാ വുന്ന ഡിമാന്റ് ഡ്രാഫ്റ്റായോ |
| | **15% NRI** സീറ്റ് | **14 ലക്ഷം രൂപ** | പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി. |
| പരിയാരം ദന്തൽ കോളേജ്, പരിയാരം, കണ്ണൂർ | **50%** സർക്കാർ സീറ്റ് | **2,10,000/-** രൂപ | പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി. |
| | **35%** മാനേജ്മെന്റ് സീറ്റ് | **4 ലക്ഷം രൂപ** | |
| | **15% NRI** സീറ്റ് | **5 ലക്ഷം രൂപ** | |

| | | | |
|---|---|---|---|
| കേരള ക്രിസ്ത്യൻ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റ് ഫെഡറേഷനു കീഴിൽ വരുന്ന സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകൾ | **85%** സീറ്റ് | **5 ലക്ഷം രൂപ** | പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി. |
| | **15% NRI** സീറ്റ് | **20 ലക്ഷം രൂപ** | |
| കേരള ക്രിസ്ത്യൻ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റ് ഫെഡറേഷനു കീഴിൽ വരുന്ന സ്വകാര്യ സ്വാശ്രയ ദന്തൽ കോളേജ് | **85%** സീറ്റ് | **3.29 ലക്ഷം രൂപ** | പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി. |
| | **15% NRI** സീറ്റ് | **6 ലക്ഷം രൂപ** | |
| *കെ.എം.സി.റ്റി മെഡിക്കൽ കോളേജ്, മുക്കം, കോഴിക്കോട് & *ശ്രീ നാരായണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, എറണാകുളം | **85%** സീറ്റ് | **11 ലക്ഷം രൂപ** | **5 ലക്ഷം രൂപ**–പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി. കൂടാതെ ബാക്കി **6 ലക്ഷം രൂപ** കോളേജ് പ്രിൻസിപ്പാളിന്റെ പേരിലുള്ള ബാങ്ക് ഗ്യാരണ്ടിയായോ പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായോ |
| | **15% NRI** സീറ്റ് | **20 ലക്ഷം രൂപ** | പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി. |
| മറ്റ് സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകൾ | **85%** സീറ്റ് | **5 ലക്ഷം രൂപ** | പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി. |
| | **15% NRI** സീറ്റ് | **20 ലക്ഷം രൂപ** | |
| മറ്റ് സ്വകാര്യ സ്വാശ്രയ ദന്തൽ കോളേജുകൾ | **85%** സീറ്റ് | **2.9 ലക്ഷം രൂപ** | പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി. |
| | **15% NRI** സീറ്റ് | **6 ലക്ഷം രൂപ** | |

***ബഹു.സുപ്രിം കോടതിയുടെ** SLP(C)No. 20420/2017**മേലുള്ള** 14.08.2017**ലെ ഉത്തരവ് പ്രകാരം ഈ രണ്ട് കോളേജുകൾക്ക് ബഹു. ഹൈക്കോടതിയുടെ അന്തിമ വിധിയ്ക്ക് വിധേയമായി 11 ലക്ഷം രൂപ വരെ ഫീസ് സ്വീകരിക്കാം.**

**സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ഫീസ് നിരക്ക് ബഹു. ഹൈക്കോടതിയുടെ/അഡ്മിഷൻ ആന്റ് ഫീ റഗുലേറ്ററി കമ്മിറ്റി(AFRC)യുടെ അന്തിമ തീരുമാനത്തിന് വിധേയമായിരിക്കും.**

മെഡിക്കൽ/ദന്തൽ പ്രവേശന നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് ഡിമാന്റ് ഡ്രാഫ്റ്റ്/ബാങ്ക് ഗ്യാരണ്ടി ബന്ധപ്പെട്ട കോളേജ് അധികൃതർക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ കൈമാറുന്നതാണ്.

സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ എടുത്തിട്ടുള്ള ഡിമാന്റ് ഡ്രാഫ്റ്റും, കോളേജ് പ്രിൻസിപ്പാളിന്റെ പേരിൽ എടുത്തിട്ടുള്ള ബാങ്ക് ഗ്യാരണ്ടി ബാധകമാണെങ്കിൽ അതും **2017 ആഗസ്റ്റ് 21** മുതൽ **24** വരെയുള്ള തീയതികളിൽ തിരുവനന്തപുരത്ത് പ്രവേശന പരീക്ഷാ കമ്മീണറുടെ ഓഫീസിൽ നേരിട്ട് നൽകിയ ശേഷം ആയതിന്റെ രസീത് കൈപ്പറ്റേണ്ടതാണ്.

**സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിൽ** ഈ ഘട്ടത്തിൽ പ്രവേശനം ലഭിക്കുന്നവർ 2017 ആഗസ്റ്റ് 24 വൈകുന്നേരം 5 മണിയ്ക്കുള്ളിൽ മേൽപ്പറഞ്ഞ ഡിമാന്റ് ഡ്രാഫ്റ്റ്/ബാങ്ക് ഗ്യാരണ്ടി പ്രവേശന പരീക്ഷാ കമ്മീണറുടെ ഓഫീസിൽ നേരിട്ട് നൽകി അലോട്ട്മെന്റ് ഉറപ്പിച്ചാൽ മതിയാകും. **ഇവർ കോളേജുകളിൽ ഹാജരായി പ്രവേശനം നേടേണ്ടതില്ല**. 2017 ആഗസ്റ്റ് 26 മുതൽ 28 വരെയുള്ള തീയതികളിൽ പ്രവേശന പരീക്ഷാ കമ്മീണർ തിരുവനന്തപുരത്ത് വച്ച് നടത്തുന്ന സ്പോട്ട് അഡ്മിഷനിൽ ഹാജരായി പ്രവേശന നടപടികൾ പൂർത്തീകരിച്ചാൽ മതിയാകും.

നിശ്ചിത സമയത്തിനുള്ളിൽ ഡിമാന്റ് ഡ്രാഫ്റ്റ്/ബാങ്ക് ഗ്യാരണ്ടി ഹാജരാക്കാത്ത വിദ്യാർത്ഥികളുടെ ഈ ഘട്ടത്തിലെ അലോട്ട്മെന്റ് റദ്ദാകുന്നതാണ്. എന്നാൽ ഇവർക്ക് നേരത്തെ ഏതെങ്കിലും കോഴ്സിൽ/കോളേജിൽ അലോട്ട്മെന്റ് ലഭിച്ചിട്ടുള്ള പക്ഷം അത് നിലനിൽക്കുന്നതാണ്.

ഈ അലോട്ട്മെന്റ് പ്രകാരം പുതുതായോ, മുൻ ഘട്ടത്തിൽ ലഭിച്ച അലോട്ട്മെന്റിൽ നിന്നും വ്യത്യസ്തമായോ **സ്വകാര്യ സ്വാശ്രയ ആയുർവേദ മെഡിക്കൽ കോളേജുകളിലേയ്ക്ക്** അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ കാണിച്ചിട്ടുള്ളതും, പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടയ്ക്കേണ്ടതുമായ ഫീസ്/അധിക തുക **2017 ആഗസ്റ്റ് 21 മുതൽ 24 വരെ തീയതികളിൽ** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ **(SBI)** തിരഞ്ഞെടുത്ത ശാഖകളിലോ, ഓൺലൈനായോ ഒടുക്കേണ്ടതാണ്. **എന്നാൽ ഇവർ ഈ ഘട്ടത്തിൽ കോളേജുകളിൽ ഹാജരായി പ്രവേശനം നേടേണ്ടതില്ല**. സ്വകാര്യ സ്വാശ്രയ ആയുർവേദ കോളേജുകളിലേയ്ക്കുള്ള അടുത്ത ഘട്ടം അലോട്ട്മെന്റിനെ തുടർന്ന് വിദ്യാർത്ഥികൾ കോളേജുകളിൽ പ്രവേശനം നേടിയാൽ മതിയാകും.

നിശ്ചിത സമയത്തിനുള്ളിൽ ഫീസ്/അധിക തുക ഒടുക്കാത്ത വിദ്യാർത്ഥികളുടെ അലോട്ട്മെന്റും ബന്ധപ്പെട്ട സ്ട്രീമിലെ ഹയർ ഓപ്ഷനുകളും റദ്ദാകുന്നതാണ്.

**എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി കോഴ്സുകളിൽ നിന്ന് വിടുതൽ നേടുമ്പോൾ ഒടുക്കേണ്ടുന്ന ലിക്വിഡേറ്റഡ് ഡാമേജസ് സംബന്ധിച്ച്**

1. **സർക്കാർ/എയ്ഡഡ്/സർക്കാർ നിയന്ത്രിത സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾ എഞ്ചിനീയറിംഗ് പ്രവേശനം അവസാനിപ്പിക്കുന്ന തീയതിയായ 2017 ആഗസ്റ്റ് 15 ന് ശേഷം പ്രസ്തുത കോളേജുകളിൽ നിന്ന് വിടുതൽ നേടുന്ന പക്ഷം പ്രോസ്പെക്ടസ് ക്ലോസ് 12.2.4(a) പ്രകാരമുള്ള ലിക്വിഡേറ്റഡ് ഡാമേജസ് നൽകിയതിനുശേഷം മാത്രമേ മെഡിക്കൽ/അനുബന്ധ കോഴ്സുകളിലേയ്ക്ക് പുതിയ അലോട്ട്മെന്റ് സ്വീകരിക്കാൻ കഴിയുകയുള്ളൂ**
2. **കേരള കാത്തലിക് എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റ് അസോസിയേഷനു കീഴിൽ വരുന്ന എഞ്ചിനീയറിംഗ് കോളേജ ുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് മെഡിക്കൽ/അനുബന്ധ കോഴ്സുകളിലേയ്ക്ക് അലോട്ട്മെന്റ് ലഭിക്കുന്നപക്ഷം അലോട്ട്മെന്റ് സ്വീകരിക്കുന്നതിന് GO(Ms) No. 166/2017/H.Edn. Dated: 22.06.2017 എന്ന സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ ബാധകമായിരിക്കും.**
3. **മറ്റ് സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോളേജുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് മെഡിക്കൽ/അനുബന്ധ കോഴ്സുകളിലേയ്ക്ക് അലോട്ട്മെന്റ് ലഭിക്കുന്നപക്ഷം വിടുതൽ സർട്ടിഫിക്കറ്റും മറ്റു രേഖകളും നേടുന്നതിന് GO(Ms) No.170/2017/H.Edn. Dated: 23.06.2017, GO(Ms) No.169/2017/H.Edn. Dated: 23.06.2017 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ലിക്വിഡേറ്റഡ് ഡാമേജസ് ഒടുക്കേണ്ടതില്ല. എന്നാൽ ഇവർ അടച്ച ഫീസ് തിരികെ ലഭിക്കാൻ അർഹതയില്ല.**
4. **സർക്കാർ/സ്വാശ്രയ ഫാർമസി കോളേജുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾ പ്രവേശനം അവസാനിപ്പിക്കുന്ന തീയതിയ്ക്ക് ശേഷം പ്രസ്തുത കോളേജുകളിൽ നിന്ന് വിടുതൽ നേടുന്ന പക്ഷം ഫാർമസി കോഴ്സുകളിലെ പ്രവേശനത്തിനുള്ള പ്രോസ്പെക്ടസ് ക്ലോസ് 12.2.4 (a) പ്രകാരമുള്ള ലിക്വിഡേറ്റഡ് ഡാമേജസ് ഒടുക്കാൻ ബാധ്യസ്ഥരായിരിക്കും.**

പാലക്കാട് കരുണ മെഡിക്കൽ കോളേജ്, അഞ്ചരക്കണ്ടി കണ്ണൂർ മെഡിക്കൽ കോളേജ്, കോഴിക്കോട് മലബാർ മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ ആന്റ് റിസർച്ച് സെന്റർ, തിരുവനന്തപുരം എസ്.യു.റ്റി അക്കാഡമി ഓഫ് മെഡിക്കൽ സയൻസസ് എന്നീ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലേയ്ക്കും പാലക്കാട് അഷ്ടാംഗം ആയുർവേദ ചികിൽസാലയം ആന്റ് വൈദ്യപീഠം, തിരുവനന്തപുരം പോത്തൻകോട് ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ്, കോഴിക്കോട് മർക്കസ് യുനാനി മെഡിക്കൽ കോളേജ് എന്നിവയിലേയ്ക്കും കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസിന്റെ അഫിലിയേഷൻ ലഭിക്കാത്തതിനെ തുടർന്ന് ഈ ഘട്ടത്തിൽ അലോട്ട്മെന്റ് നടത്തിയിട്ടില്ല. മലപ്പുറം പെരിന്തൽമണ്ണ എം.ഇ.എസ് മെഡിക്കൽ കോളേജ്, തിരുവനന്തപുരം കാരക്കോണം ഡോ. സോമർവെൽ മെമ്മോറിയൽ സി.എസ്.ഐ മെഡിക്കൽ കോളേജ് എന്നീ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലേയ്ക്കും സർക്കാർ നിർദ്ദേശത്തെ തുടർന്ന് ഈ ഘട്ടത്തിൽ അലോട്ട്മെന്റ് നടത്തിയിട്ടില്ല. യൂണിവേഴ്സിറ്റി അഫിലിയേഷൻ/സർക്കാർ ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് മേൽപറഞ്ഞ കോളേജുകളിലേയ്ക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്തുന്നതാണ്.

ന്യൂനപക്ഷ പദവിയുള്ള സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിലെ ന്യൂനപക്ഷ ക്വാട്ടാ സീറ്റികളിലേയ്ക്കുള്ള (എൻ.ആർ.ഐ ക്വാട്ടയിലുള്ള ന്യൂനപക്ഷ സീറ്റുകൾ ഉൾപ്പെടെ) അലോട്ട്മെന്റും ഈ ഘട്ടത്തിൽ നടത്തിയിട്ടില്ല. ന്യൂനപക്ഷ സമുദായം തെളിയിക്കുന്നതിനുള്ള രേഖകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 16.08.2017 ആയി ബഹു.ഹൈക്കോടതി നീട്ടിയിരുന്നു. ലഭിച്ച രേഖകളുടെ സൂക്ഷ്മ പരിശോധന പൂർത്തിയാക്കി കാറ്റഗറി ലിസ്റ്റുകൾ പ്രസിദ്ധീകരിച്ച ശേഷം മൈനോറിറ്റി ക്വാട്ടാ സീറ്റുകൾ പ്രവേശന പരീക്ഷാ കമ്മീഷണർ സ്പോട്ട് അഡ്മിഷനിൽ നികത്തുന്നതാണ്.

**ബഹു. ഹൈക്കോടതിയുടെയും സർക്കാരിന്റെയും ഉത്തരവുകൾക്ക് അനുസൃതമായി അലോട്ട്മെന്റുമായി ബന്ധപ്പെട്ട് പുറപ്പെടുവിക്കുന്ന ഓഫീസ് വിജ്ഞാപനങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നത് വിദ്യാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്.**

ഹെൽപ്പ് ലൈൻ നമ്പരുകൾ: 0471 2339101, 2339102, 2339103, 2339104.

തിരുവനന്തപുരം

19.08.2017

**പ്രവേശന പരീക്ഷാ കമ്മീഷണർ**